കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ

66 [1865] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ അഞ്ഞൂറിലധികം താൽക്കാലിക ജീവനക്കാർ ജോലിയിൽ തുടരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ അടിയന്തിരമായി പിരിച്ചുവിട്ട് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ കരാറുകാർ മുഖേന 373 പേരുടെ താൽക്കാലിക സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കടലാക്രമണം തടയുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കാൻ നടപടി

67 [1867] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന കടലാക്രമണത്തെ സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ വർഷകാലത്ത് കേരളത്തിൽ എവിടെയെല്ലാം കടലാക്രമണം ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) കടലാക്രമണം തടയുന്നതിന് വേണ്ടി എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിലെ കടൽത്തീരം സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ കടലാക്രമണത്തിൽ നിന്നും കടൽത്തീരത്തെ സംരക്ഷിക്കുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly